"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - കോഴിക്കോട് നഗരസഭയിൽ സാനിറ്റേഷൻ വർക്കർ - മരണപ്പെട്ട ജാനകി ഇ.എം.ന്റെ മകൾ ശ്രീമതി.അതുല്യ കെ.പി - എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(കൈ) നം.18/2023/LSGD തീയതി,തിരുവനന്തപുരം, 19-01-2023

---

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.ഭ.പ.വ.
2. ശ്രീമതി.അതുല്യ കെ.പി.സമർപ്പിച്ച 24.06.2021 തീയതിയിലെ ആശ്രിത നിയമന അപേക്ഷ.
3. നഗരകാര്യ ഡയറക്ടറുടെ 17.08.2022 തീയതിയിലെ DUA/21131/21-E4 നമ്പർ കത്ത്.
4. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ.
5. കോഴിക്കോട് ജില്ലാ കളക്ടറുടെ 25.11.2022 തീയതിയിലെ DCKKD/10189/2022-S4 നമ്പർ കത്ത്.

**ഉത്തരവ്**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന്,കോഴിക്കോട് നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 31.08.2020 തീയതിയിൽ മരണപ്പെട്ട ജാനകി ഇ.എം.ന്റെ മകൾ ശ്രീമതി.അതുല്യ കെ.പി (ഇളമ്പാച്ചികുഴി മീത്തൽ, പയമ്പ്ര പി.ഒ, കുന്ദമംഗലം, കോഴിക്കോട്) അപേക്ഷ സമർപ്പിച്ചിരുന്നു. ജാനകി ഇ.എം.ന്റെ സേവനകാലം 04 വർഷവും 02 മാസവും ആണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതയുടെ ജനന തീയതി , സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 31.05.1965, 01.07.2016 ആണ്. നഗരകാര്യ ഡയറക്ടറും കോഴിക്കോട് ജില്ലാ കളക്ടറും അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീമതി.അതുല്യ കെ.പി. പ്ലസ് ടു വിജയിച്ചിട്ടുള്ളതും ടിയാരിയുടെ ജനന തീയതി 31.05.1995 എന്നതുമാണ്. ടിയാരി ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ (24.06.2021) സമർപ്പിച്ചിട്ടുണ്ട്. അപേക്ഷക പരേതയായ ജാനകി ഇ.എം-ന്റെ മരണം വരെ ടിയാളുടെ ആശ്രിതയായിരുന്നു എന്ന് കോഴിക്കോട് തഹസീൽദാർ വ്യക്തമാക്കിയിട്ടുണ്ട്. പരേതയുടെ അനന്തരാവകാശിയായി അപേക്ഷക മാത്രമാണുള്ളത്. ടിയാൾ വിവാഹിതയാണ്. ശ്രീമതി.അതുല്യ

കെ.പി.യുടെ കുടുംബ വാർഷിക വരുമാനം പങ്കാളിയുടേതുൾപ്പെടെ 68000/-(അറുപത്തിയെട്ടായിരം) രൂപയാണെന്ന് കുരുവട്ടൂർ വില്ലേജ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ശ്രീമതി.അതുല്യ കെ.പി. കോഴിക്കോട് ജില്ലയിൽ ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാൾ ടി തസ്തികയിലേക്ക് യോഗ്യത നേടിയിട്ടുമുണ്ട്.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന്, കോഴിക്കോട് നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 31.08.2020 തീയതിയിൽ മരണപ്പെട്ട ജാനകി ഇ.എം.ന്റെ മകൾ ശ്രീമതി.അതുല്യ കെ.പി- യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%-ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം (1)ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/ഡയറക്ടർ, എൽ.എസ്.ജി.ഡി(അർ ബൻ ) ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാരിയെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷക തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:

ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ), തിരുവനന്തപുരം.

സെക്രട്ടറി, കോഴിക്കോട് നഗരസഭ

ജില്ലാ കളക്ടർ , കോഴിക്കോട്.

ശ്രീമതി.അതുല്യ കെ.പി, ഇളമ്പാച്ചികുഴി മീത്തൽ, പയമ്പ്ര പി.ഒ, കുന്ദമംഗലം, കോഴിക്കോട്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

സ.ഉ.(കൈ) നം.18/2023/LSGD

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇയു1/274/2022-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 19-01-2023 14:55:15
സെക്ഷൻ ഓഫീസർ